II ശ്രദ്ധക്ഷണിക്കൽ

(1) വരൾച്ചമൂലം ദുരിതമനുഭവിക്കുന്ന ചിറ്റൂർ താലൂക്കിലെ ജനങ്ങൾക്ക് അടിയന്തിര ദുരിതാശ്വാസം എത്തിക്കേണ്ടതിന്റെ ആവശ്യകത

ശ്രീ. കെ. കൃഷ്ണൻകുട്ടി : സർ, പാലക്കാട് ജില്ലയിലെ ഭൂരിപക്ഷം പ്രദേശങ്ങളും വരൾച്ചബാധിതമാണ്. പാലക്കാട് ജില്ലയിലെ 9.30 A. M.] ചിറ്റൂർ താലൂക്ക്, മണ്ണാർക്കാട് താലൂക്കിലെ കട്ടപ്പടി പ്രദേശം, ഒറ്റപ്പാലം താലൂക്കിന്റെ ചില പ്രദേശങ്ങൾ മുഴുവനും വരൾച്ചയുടെ പിടിയിലാണ്. ജനങ്ങൾ വളരെയധികം കഷ്ടപ്പെടുകയാണ്. എന്റെ നിയോജകമണ്ഡലമായ ചിറ്റൂരിന്റെ കിഴക്കൻ ഭാഗങ്ങളിൽ കുടിവെള്ളംപോലുമില്ല. കന്നുകാലികൾ ചത്തൊടുങ്ങിത്തുടങ്ങിയിരിക്കുന്നു. വയ്ക്കോൽപോലും കിട്ടാനില്ലാത്ത പരിതഃസ്ഥിതിയാണ്. 4-ം 5-ം മൈലുകൾക്കപ്പുറത്തുനിന്നുവേണം കുടിവെള്ളം കൊണ്ടുവരാൻ. കുടിവെള്ളം ലഭ്യമാക്കുന്നതിന് ഗവൺമെന്റിന്റെ ഭാഗത്തുനിന്നും യാതൊരു നടപടിയും ഉണ്ടായിട്ടില്ല. ഒന്നോ രണ്ടോ ലോറികളിൽ കുറച്ചു കുടിവെള്ളം എത്തിക്കുന്നതിൽ കവിഞ്ഞ് യാതൊരു നടപടിയും ഉണ്ടായിട്ടില്ല. ആ വെള്ളംതന്നെ രാഷ്ട്രീയ പരിഗണനയും ജാതിപരിഗണനയുമൊക്കെ വച്ചാണ് ചില സ്ഥലങ്ങളിൽ മാത്രം വിതരണം ചെയ്യുന്നത്. എല്ലാ ആളുകൾക്കും കുടിവെള്ളം കിട്ടാനാവശ്യമായ സംവിധാനമൊന്നും ഉണ്ടാക്കിയിട്ടില്ല. ഇത്രയും രൂക്ഷമായ പ്രശ്നങ്ങൾ ഉണ്ടായിട്ടും റവന്യൂ മിനിസ്റ്ററോ മറ്റ് മന്ത്രിമാരോ ആ സ്ഥലത്തുപോയി ഒന്നു നോക്കാൻപോലും സൻമനസ് കാണിച്ചിട്ടില്ല. 5 കോടി രൂപയുടെ നഷ്ടമുണ്ടായിട്ടുണ്ടെന്നു കണക്കാക്കിയിട്ടുണ്ടെങ്കിലും ഒരാഴ്ചയ്ക്കുമുമ്പായി 9 ലക്ഷവും മറെറാരു 5 ലക്ഷവും ഉറുപ്പികയുമാണ് കൊടുത്തിട്ടുള്ളത്. അതുകൊണ്ട് ഒന്നുംതന്നെ നടക്കുകയില്ല. ഗവൺമെന്റ് അവിടെ കാര്യമായി പ്രവർത്തിക്കുന്നില്ല. കൃഷിക്കാരുടെ നഷ്ടം എത്രയാണെന്നു ചോദിച്ചാൽ ഉദ്യോഗസ്ഥൻമാർക്കറിയില്ല. അവിടെ തൊഴിലാളികൾ പണിയില്ലാതെ കഷ്ടപ്പെടുകയാണ്. തൊഴിലാളികൾക്ക് പണി ലഭ്യമാക്കുന്നതിനുവേണ്ടി നാലോ അഞ്ചോ റോഡുകളുടെ നിർമ്മാണ പദ്ധതി അനുവദിച്ചു. പക്ഷേ അതുകൊണ്ടുമാത്രം തൊഴിലാളികളുടെ പട്ടിണി മാറുമോ ? റീഫറേഷൻ അനുവദിക്കുമെന്നു മുഖ്യമന്ത്രി അവിടെ വന്നു പറഞ്ഞു. എന്നിട്ടു ഒരാഴ്ചയോ മറെറാ സൗജന്യമായി റേഷൻ കൊടുത്തു. അതുകൊണ്ട് അവിടത്തെ പ്രശ്നം തീരുകയില്ല. അവിടത്തെ കർഷകത്തൊഴിലാളികൾക്ക് പണിയുണ്ടാക്കാൻ ഒരു സ്കീമുണ്ടാക്കണം. അവിടത്തെ ഗവൺമെന്റ് മെഷിനറി ഒന്നുംതന്നെ ചലിക്കുന്നില്ല. റവന്യൂമന്ത്രി സബ്ജക്റ്റ് കമ്മറിയിൽ പറഞ്ഞത്, ബന്ധപ്പെട്ട ഉദ്യോഗസ്ഥൻമാരേയും എം. എൽ. എ. മാരെയും വിളിച്ചുകൂട്ടി പ്രശ്നം ചർച്ച ചെയ്യാമെന്നാണ്. എന്നാൽ ഇതുവരെ കോൺഫറൻസ് വിളിച്ചുകൂട്ടാനോ പ്രശ്നം ചർച്ച ചെയ്യാനോ തയ്യാറായിട്ടില്ല. കളക്ടർ അദ്ദേഹത്തിന് തോന്നിയതുപോലെ പ്രവർത്തിക്കുന്നു. പി.എച്ച്. ഇ. ഡിപ്പാർട്ടുമെന്റ് അവർക്ക് തോന്നിയതുപോലെ പ്രവർത്തിക്കുന്നു. മൈനർ ഇറിഗേഷൻ ഡിപ്പാർട്ടുമെന്റ് അവർക്ക് തോന്നിയതുപോലെ പ്രവർത്തിക്കുന്നു. പി. എച്ച്. ഇ. ഡി. ക്കാർ പറയുന്നത് തങ്ങളുടെ കയ്യിൽ പൈസയില്ലെന്നാണ്. അതുകൊണ്ട് കുടിവെള്ളം എത്തിക്കാൻ പറ്റില്ലെന്നാണ് പറയുന്നത്. എത്ര ഉറുപ്പിക കേന്ദ്ര ഗവൺമെന്റിൽനിന്നു കിട്ടി ? എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നു ബഹുമാനപ്പെട്ട മന്ത്രി പറയണം. അവിടെ ഇതുമായി ബന്ധപ്പെട്ട 3 ഡിപ്പാർട്ടുമെൻറുകളും മൂന്നുവിധത്തിലാണ് പ്രവർത്തിക്കുന്നത്. കളക്ടർ പറഞ്ഞാൽ പി. എച്ച്. ഇ. ഡി. കേൾക്കില്ല;

LIBRARY ARCHIVES Kerala Legislative Assembly

മെമനർ ഇറിഗേഷൻ കേംക്കില്ല എന്നുള്ള സ്ഥിതിയാണ് ഇപ്പോഴുള്ളത്. ഉദ്യോഗസ്ഥൻമാർക്ക് നിയന്ത്രണമൊന്നുമില്ലാത്ത ഒരു സ്ഥിതിയാണ്. കളക്ടർക്കാണെങ്കിൽ ഇതൊന്നും ശ്രദ്ധിക്കാൻസമയമില്ല. ഒരു കോൺഫറൻസ് വിളിച്ചു കൂട്ടണമെന്നു നിവേദനം നടത്തിയിട്ടും ഒരു നടപടിയും സ്വീകരിച്ചുകാണുന്നില്ല. ഉടനെതന്നെ നഷ്ടമെത്രയാണെന്നു കൃത്യമായി കണക്കാക്കി നഷ്ട പരിഹാരം കൊടുക്കാനുള്ള നടപടി സ്വീകരിക്കണം. അവിടം വരൾച്ച ബാധിത പ്രദേശമായിട്ടും ഇപ്പോഴും ജപ്തി നടപടികളും തുടരെത്തുടരെ നടത്തിക്കൊണ്ടിരിക്കുകയാണ്. കഴിഞ്ഞ കൊല്ലവും അതിനുമുമ്പിലത്തെ കൊല്ലവും വരൾച്ചയുണ്ടായപ്പോഴും ലോണുകളും മീഡിയം ടേം ലോണാക്കി കൺവർട്ട് ചെയ്തു. മീഡിയം ടേം ലോണാക്കിയാലും നഷ്ടം പരിഹരിക്കാൻ കഴിയുകയില്ല. കർഷകർ ജപ്തി നടപടികളും താങ്ങാൻ പറ്റാത്ത ഒരു പരിതഃസ്ഥിതിയിലാണ്. അതുകൊണ്ട് മീഡിയം ടേം ലോണിൽ ഒരു ഇളവുവരുത്തി ദീർഘകാല വായ്പയാക്കിക്കൊടുക്കണം. വൈദ്യുതിയും ഇപ്പോൾ ആ പ്രദേശത്ത് കിട്ടുന്നില്ല. അതിന്റെ കൂടെ വിദ്യുച്ഛക്തിമന്ത്രി ഒരു ദ്രോഹവുംകൂടി ചെയ്തിരിക്കുകയാണ്. കപ്പാസിറർ സ്ഥാപിക്കനായി ആയിരവും രണ്ടായിരവും രൂപ വീതം കർഷകർ കൊടുക്കണം. അതൊഴിവാക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. ഗവൺമെൻറ് അടിയന്തിരമായി എല്ലാ ഡിപ്പാർട്ടുമെൻറുകളെയും വിളിച്ചുകൂട്ടി എന്തെല്ലാം നടപടികൾ എടുക്കാമെന്നതിനെക്കുറിച്ച് ചർച്ച ചെയ്യണം. ഫ്ളഡ് റിലീഫിനായി അനുവദിച്ച തുക ചെലവഴിച്ചതിൽ മുഴുവൻ അഴിമതിയാണ്. അത് ആർക്കൊക്കെ കിട്ടിയെന്നുപോലും അറിയില്ല, മുഴുവൻ കരാറുകാർ എടുക്കുന്ന ഒരു പരിതഃസ്ഥിതിയാണ് വരാൻ പോകുന്നത്. അർഹതയുള്ള പാവപ്പെട്ടവർക്ക് കിട്ടാനുള്ള സംവിധാനം ഉണ്ടാക്കണം.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്): പാലക്കാട്, ഇടുക്കി എന്നീ ജില്ലകളുടെ കുറെ ഭാഗങ്ങളിൽ രൂക്ഷമായ വരൾച്ച ബാധിച്ചിരിക്കുകയാണ്. പാലക്കാട് 32 വില്ലേജുകളിലും. ഇടുക്കിയിൽ 5 വില്ലേജുകളിലും വരൾച്ച ബാധിച്ചിട്ടുണ്ട്. ഈ പ്രദേശങ്ങളിൽ ദുരിതാശ്വാസ പ്രവർത്തനങ്ങൾ നടത്തുന്നതിന് സഹായം അനുവദിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് കഴിഞ്ഞ ഡിസംബർ മാസത്തിൽ മെമ്മോറാണ്ടം സമർപ്പിച്ചിരുന്നു. അത് പരിശോധിച്ചതിനുശേഷം ചെറിയ ഒരു തുക കേന്ദ്ര ഗവൺമെൻറ് അനുവദിച്ചിട്ടുണ്ട്. ആകെ 30 ലക്ഷം രൂപയാണ് അനുവദിച്ചിട്ടുള്ളത്. ഈ പ്രദേശങ്ങളിൽ ഇതിനകംതന്നെ ദുരിതാശ്വാസപ്രവർത്തനങ്ങൾ ആരംഭിച്ചു കഴിഞ്ഞിട്ടുണ്ട്. കേന്ദ്ര ഗവൺമെൻറിൽനിന്നും കിട്ടിയ തുക ഉപയോഗിച്ചും അതിനുപുറമേ സംസ്ഥാന ഗവൺമെൻറ് അനുവദിച്ചിട്ടുള്ള തുക ഉപയോഗിച്ചും ദുരിതാശ്വാസ പ്രവർത്തനങ്ങൾ നടത്തുകയാണ്. തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനായി പാലക്കാട് ജില്ലയ്ക്ക് ഒമ്പതര ലക്ഷം രൂപയും ഇടുക്കി ജില്ലയ്ക്ക് ഒന്നര ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്. പ്രത്യേക പോഷകാഹാരപരിപാടി അനുസരിച്ച് പാലക്കാട് ജില്ലയ്ക്ക് 5.2 ലക്ഷം രൂപയും ഇടുക്കിക്ക് 80,000 രൂപയും അനുവദിച്ചിട്ടുണ്ട്. കൃഷിനാശം സംഭവിച്ച ചെറുകിട കർഷകർക്ക് കൃഷിയിറക്കുന്നതിന് സബ്സിഡിയായി 2.6 ലക്ഷം രൂപ പാലക്കാട് ജില്ലയ്ക്കും, 40,000 രൂപ ഇടുക്കി ജില്ലയ്ക്കും അനുവദിച്ചിട്ടുണ്ട്. കുഴൽ കിണറുകൾ കുഴിക്കുക, പമ്പ് സെറ്റുകൾ സ്ഥാപിച്ച് ശുദ്ധജലവിതരണം നടത്തുക എന്നിവയ്ക്കായി പാലക്കാട് ജില്ലയ്ക്ക് 8.7 ലക്ഷം രൂപയും ഇടുക്കി ജില്ലയ്ക്ക് 1.3 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്. ഇതു കൂടാതെ 40 ലക്ഷം രൂപ കൂടി അടിയന്തിരമായി അനുവദിക്കണമെന്നു പാലക്കാട് ജില്ലാ കളക്ടർ ആവശ്യപ്പെട്ടിട്ടുണ്ട്. കൊഴിഞ്ഞാമ്പാറ

LIBRARY ARCHIVES Kerala Legislative Assembly

ഏരിയായിൽ 29 കുഴൽക്കിണറുകൾ കുഴിച്ചിട്ടുണ്ട്. ചെറുകിട കർഷകരുടെ ദവനൃൂ നിക്ഷേപ നടപടികൾ 6 മാസമായി ഈ പ്രദേശങ്ങളിൽ നിർത്തിവച്ചിരിക്കുകയാണ്. സഹകരണ സ്ഥാപനങ്ങളും ഈ നിലയിലുള്ള നടപടികൾ ഇതിനകം സ്വീകരിച്ചു കഴിഞ്ഞിട്ടുണ്ട്. കൊഴിഞ്ഞാമ്പാറ തുടങ്ങിയ സ്ഥലങ്ങളിൽ ടാങ്കർ ലോറികളിൽ, വെള്ളം എത്തിച്ചുകൊടുക്കുന്നുണ്ട്. ആവശ്യമായ മുഴുവൻ സ്ഥലങ്ങളിലും ലോറികളിലും മറ്റ് വാഹനങ്ങളിലും വെള്ളം എത്തിച്ചുകൊടുക്കാൻവേണ്ട നിർദ്ദേശം ജില്ലാ കളക്ടർക്ക് കൊടുത്തിട്ടുണ്ട്. ശ്രീ. കൃഷ്ണൻകുട്ടി പറഞ്ഞതുപോലെ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനുവേണ്ടി 10 റോഡുകളുടെ പണി ഏറ്റെടുത്തിട്ടുണ്ട്. സ്പെഷ്യൽ ന്യൂട്രീഷൻ പ്രോഗ്രാം അനുസരിച്ചുള്ള പരിപാടികൾ, ഫ്ലീറേഷൻ മുതലായവയ്ക്കുള്ള ഏർപ്പാടുകളും ചെയ്തിട്ടുണ്ട്. ജനപ്രതിനിധികളുടെ ഒരു യോഗം വിളിച്ചുകൂട്ടണമെന്നു ഇവിടെ പറയുകയുണ്ടായി. ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ എല്ലാ ഡിപ്പാർട്ടുമെന്റ് ഉദ്യോഗസ്ഥൻമാരുടെയും ഒരു യോഗം വിളിച്ചുകൂട്ടാനാവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഏറ്റവും വേഗം മറ്റൊരു യോഗംകൂടി വിളിച്ചുകൂട്ടാൻ വേണ്ട ഏർപ്പാടുകൾ ചെയ്യുന്നതാണ്. ഇപ്പോൾ വരൾച്ച അനുഭവപ്പെടുന്ന ഈ പ്രദേശങ്ങളൊക്കെ സ്ഥിരമായി വരൾച്ച അനുഭവപ്പെടുന്ന പ്രദേശങ്ങളാണ്, ഡ്രോട്ട് പ്രോൺ ഏരിയ എന്നുള്ള നിലയിൽ ഈ സ്ഥലങ്ങളിലെ കാർഷിക മേഖലയിൽ സ്ഥിരമായി വെള്ളമെത്തിച്ചു കൊടുക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്ന് കേന്ദ്ര ഗവൺമെന്റിനു നൽകിയ മെമ്മോറാണ്ടത്തിൽ ആവശ്യപ്പെട്ടിട്ടുണ്ട്. റെയിൻ ഷാഡോ മേഖലയിൽപ്പെട്ട സ്ഥലങ്ങൾ സ്ഥിരമായി വരൾച്ചബാധിത പ്രദേശങ്ങളാണ്. അതുകൊണ്ട് ഭീർഘകാലാടിസ്ഥാനത്തിലുള്ള പരിപാടികൾ ആവശ്യമാണ്. കേന്ദ്ര ഗവൺമെന്റിന്റെ ഡ്രോട്ട് പ്രോൺ സ്കീമിൽ ഉൾപ്പെടുത്തി പ്രവർത്തനങ്ങൾ നടത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കണമെന്നു കേന്ദ്ര ഗവൺമെന്റിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

ശ്രീ. കെ. കൃഷ്ണൻകുട്ടി : വരൾച്ചയ്ക്കുവേണ്ടി കേന്ദ്ര ഗവൺമെന്റിൽ നിന്ന് എത്ര തുകയാണ് ആവശ്യപ്പെട്ടിരുന്നത് ? എത്ര നഷ്ടം എല്ലാ വകുപ്പുകളിലും കൂടി ഉണ്ടായിട്ടുണ്ടെന്നാണ് കണക്കാക്കിയിട്ടുണ്ടോ ? കേന്ദ്ര ഗവൺമെന്റിന്റെ പ്രതികരണം എന്താണെന്നു അറിയണം.

ശ്രീ. പി. ജെ. ജോസഫ് : സർ, നഷ്ടത്തെക്കാളുപരി ഇവിടം സ്ഥിരമായി വരൾച്ച ബാധിച്ചിട്ടുള്ള ഒരു പ്രദേശം എന്നുള്ള നിലയ്ക്ക് ജലസേചന പദ്ധതികളും മറ്റ് പരിപാടികളുമൊക്കെ സമഗ്രമായി നടപ്പിലാക്കുന്നതിനുള്ള ഒരു മെമ്മോറാണ്ടമാണ് ഗവൺമെന്റ് കൊടുത്തിട്ടുള്ളത്. തൽക്കാല ആശ്വാസത്തിനുള്ള നടപടികൾ സ്വീകരിക്കുന്നതിനുള്ള ചെലവിലേക്കായി മാർച്ച് 31-ാം തീയതിക്ക് മുമ്പ് ചെലവഴിക്കാനായി 30 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

(2) കുറ്റിപ്പുറം വിദ്യാഭ്യാസ ഉപജില്ലയിൽപ്പെട്ട വിദ്യാസാഗർ എ. എം. എൽ. പി. സ്കൂൾ കെട്ടിടം പൊളിച്ചുമാറ്റുന്നതുമൂലം വിദ്യാർത്ഥികൾ നേരിടുന്ന ബുദ്ധിമുട്ടുകൾ

ശ്രീ. കൊമ്പയിൽ അഹമ്മദ് ഹാജി : സർ, എന്റെ നിയോജക മണ്ഡലത്തിലെ കുറ്റിപ്പുറം വിദ്യാസാഗർ എ.എം.എൽ.പി. സ്കൂൾകെട്ടിടം പൊളിച്ചുമാറ്റാനുള്ള നടപടികൾ എടുക്കുന്നതുമൂലം അവിടത്തെ വിദ്യാർത്ഥികൾക്കുണ്ടായിട്ടുള്ള വിഷമകരമായ അവസ്ഥയെ ബഹുമാനപ്പെട്ട വിദ്യാഭ്യാസ മന്ത്രിയുടേയും സഭയുടേയും ശ്രദ്ധ ക്ഷണിക്കുകയാണ്. ഈ സ്കൂളിന് 62 വർഷത്തെ പഴക്കമുണ്ട്, ഏതാണ്ട് 400 ഓളം വിദ്യാർത്ഥികൾ

LIBRARY ARCHIVES Kerala Legislative Assembly